©
കേരള സർക്കാർ
Government of Kerala
2020

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.Kl/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 9<br>Vol. IX | തിരുവനന്തപുരം, തിങ്കൾ<br>Thiruvananthapuram, Monday | 2020 മേയ് 04<br>04th May 2020<br>**1195 മേടം 21**<br>21st Medam 1195<br>**1942 വൈശാഖം 14**<br>14th Vaisakha 1942 | നമ്പർ No. **1126** |

### കേരള സർക്കാർ

നിയമ (നിയമനിർമ്മാണ-സി) വകുപ്പ്

വിജ്ഞാപനം

നമ്പർ 6827/ലെഗ്.സി1/2020/നിയമം.

*തിരുവനന്തപുരം, 2020 മേയ് 4*
*1195 മേടം 21*
*1942 വൈശാഖം 14 .*

2020 മേയ് 2-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തിയ താഴെപ്പറയുന്ന ഓർഡിനൻസ് പൊതുജനങ്ങളുടെ അറിവിലേക്കായി ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

അരവിന്ദ ബാബു പി. കെ.,
*നിയമ സെക്രട്ടറി.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## 2020-ലെ 31-ാം നമ്പർ ഓർഡിനൻസ്

2020-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ഓർഡിനൻസ്

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിയൊന്നാം സംവത്സരത്തിൽ കേരള ഗവർണ്ണർ വിളംബരപ്പെടുത്തിയത്.

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് വീണ്ടും
ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ഓർഡിനൻസ്

പീഠിക.—1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് (1994-ലെ 20) ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാലും;

കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാത്തതിനാലും താൻ സത്വര നടപടിയെടുക്കേണ്ടത് ആവശ്യമാകുന്ന സാഹചര്യങ്ങൾ നിലവിലുണ്ടെന്ന് കേരള ഗവർണ്ണർക്ക് ബോദ്ധ്യമായിരിക്കുന്നതിനാലും;

ഇപ്പോൾ, അതിനാൽ, ഭാരതത്തിന്റെ ഭരണഘടനയുടെ 213-ാം അനുച്ഛേദം (1)-ാം ഖണ്ഡപ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരള ഗവർണ്ണർ താഴെപ്പറയുന്ന ഓർഡിനൻസ് വിളംബരപ്പെടുത്തുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ഓർഡിനൻസിന് 2020-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ഓർഡിനൻസ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 1994-ലെ 20-ാം ആക്റ്റ് താൽക്കാലികമായി ഭേദഗതി ചെയ്യപ്പെടേണ്ടതാണ്.—ഈ ഓർഡിനൻസ് നിലവിലിരിക്കുന്ന കാലത്ത് 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിന് (1994-ലെ 20) (ഇതിന് ശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 3-ാം വകുപ്പിൽ വ്യക്തമാക്കിയിരിക്കുന്ന ഭേദഗതികൾക്ക് വിധേയമായി പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

3. <u>6-ാം വകുപ്പിനുള്ള ഭേദഗതി.</u>—പ്രധാന ആക്റ്റിലെ 6-ാം വകുപ്പ് (3)-ാം ഉപവകുപ്പിൽ,—

(എ) (എ) ഖണ്ഡത്തിൽ,—

(i) (i)-ാം ഉപഖണ്ഡത്തിലെ "ഇരുപത്തിയാറും" എന്ന വാക്കിന് പകരം "ഇരുപത്തിയഞ്ചും" എന്ന വാക്ക് ചേർക്കേണ്ടതാണ്;

(ii) (ii)-ാം ഉപഖണ്ഡത്തിലെ "അൻപത്തിമൂന്ന്" എന്ന വാക്കിന് പകരം "അൻപത്തിരണ്ട്" എന്ന വാക്കും "ഇരുപത്തിയാറും" എന്ന വാക്കിന് പകരം "ഇരുപത്തിയഞ്ചും" എന്ന വാക്കും ചേർക്കേണ്ടതാണ്;

(ബി) (ബി) ഖണ്ഡത്തിൽ,—

(i) (i)-ാം ഉപഖണ്ഡത്തിലെ "അൻപത്തിയാറും" എന്ന വാക്കിന് പകരം "അൻപത്തിയഞ്ചും" എന്ന വാക്ക് ചേർക്കേണ്ടതാണ്;

(ii) (ii)-ാം ഉപഖണ്ഡത്തിലെ "നൂറ്റിയൊന്ന്" എന്ന വാക്കിന് പകരം "നൂറ്" എന്ന വാക്കും "അൻപത്തിയാറും" എന്ന വാക്കിന് പകരം "അൻപത്തിയഞ്ചും" എന്ന വാക്കും ചേർക്കേണ്ടതാണ്.

ആരിഫ് മുഹമ്മദ് ഖാൻ,
*ഗവർണ്ണർ.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

# GOVERNMENT OF KERALA

## Law (Legislation-C) Department

NOTIFICATION

No. 6827/Leg. C1/2020/Law.

*Dated, Thiruvananthapuram, 4th May, 2020*
*21st Medam, 1195*
*14th Vaisakha, 1942.*

In pursuance of clause (3) of Article 348 of the Constitution of India, the Governor of Kerala is pleased to authorise the publication in the Gazette of the following translation in English language of the Kerala Municipality (Amendment) Ordinance, 2020 (31 of 2020).

By order of the Governor,

ARAVINTHA BABU P. K.,
*Law Secretary.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

[Translation in English of "2020-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ഓർഡിനൻസ്" published under the authority of the Governor.]

# ORDINANCE No. 31 OF 2020

## THE KERALA MUNICIPALITY (AMENDMENT) ORDINANCE, 2020

Promulgated by the Governor of Kerala in the Seventy-first Year of the Republic of India.

*AN*

*ORDINANCE*

*further to amend the Kerala Municipality Act, 1994.*

*Preamble.*—WHEREAS, it is expedient further to amend the Kerala Municipality Act, 1994 (20 of 1994) for the purposes hereinafter appearing;

AND WHEREAS, the Legislative Assembly of the State of Kerala is not in session, and the Governor of Kerala is satisfied that circumstances exist which render it necessary for him to take immediate action;

NOW, THEREFORE, in exercise of the powers conferred by clause (1) of Article 213 of the Constitution of India, the Governor of Kerala is pleased to promulgate the following Ordinance:—

1. *Short title and commencement.*—(1) This Ordinance may be called the Kerala Municipality (Amendment) Ordinance, 2020.

(2) It shall come into force at once.

2. *Act 20 of 1994 to be temporarily amended.*—During the period of operation of this Ordinance, the Kerala Municipality Act, 1994 (20 of 1994) (hereinafter referred to as the principal Act) shall have effect subject to the amendments specified in section 3.

3. *Amendment of section 6.*—In the principal Act, in sub-section (3) of section 6,—

(a) in clause (a),—

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(i) in sub-clause (i), for the words "twenty six", the words "twenty five" shall be substituted;

(ii) in sub-clause (ii), for the words "twenty six" the words "twenty five" and for the words "fifty three" the words "fifty two" shall be substituted;

(b) in clause (b),—

(i) in sub-clause (i), for the words "fifty six" the words "fifty five" shall be substituted;

(ii) in sub-clause (ii), for the words "fifty six" the words "fifty five" and for the words "one hundred and one", the words "one hundred " shall be substituted.

ARIF MOHAMMED KHAN,
*GOVERNOR.*

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESS
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2020

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by PRADEEP.V.S
Date:2020.05.04 08:00:33 +05:30